പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1133

13.06.2013-ൽ മറുപടി
നൽകേണ്ടത്

## സ്കൂളിന്റെ ഭൂമിയിൽ നിന്നും പൊതുവഴിക്ക് സ്ഥലം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ ആഴകം ഗവ. യു.പി. സ്കൂളിന്റെ സ്ഥലത്ത് നിന്നും പൊതുവഴിക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള അനുവാദത്തിനായുള്ള ഫയലിൽ (31392/A3/2010/റവന്യൂ) ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി)<br><br>ആഴകം സ്കൂൾ വക സ്ഥലം പൊതുവഴിക്കായി അനുവദിക്കുന്ന വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശാനുസരണം, വിദ്യാഭ്യാസവകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം നിശ്ചിത മാതൃകയിലുള്ള റിക്വിസിഷൻ സമർപ്പിക്കുവാൻ മുക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് എറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. നിലവിൽ അപേക്ഷാ വസ്തു വിദ്യാഭ്യാസ വകുപ്പിൽ നിക്ഷിപ്തമായതിനാൽ ആ വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കു. മുക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിക്വിസിഷൻ സമർപ്പിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ